ശ്രീ. പാണാറത്തു കുഞ്ഞിമുഹമ്മദ്: വാഹനങ്ങളിൽനിന്നും ഇരു ഭാഗത്തുകൂടെയും ഇറങ്ങുന്നതുകൊണ്ട് റോഡപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നു എന്നുള്ളതു പരിഗണിച്ച് ഒരു ഭാഗത്തുകൂടി മാത്രം ഇറങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ശ്രദ്ധിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആട്ടോറിക്ഷകളിൽ ഒരു ഭാഗത്തു നിന്നുമാത്രം ഇറങ്ങാനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: നമ്മുടെ സംസ്ഥാനത്ത് കേരള ഗവൺമെൻറിൻെറ നിയമം നടപ്പിലാക്കേണ്ട പോലീസ് ഉദ്യോഗസ്ഥൻമാരിൽനിന്നും ആട്ടോറിക്ഷാ ഡ്രൈവർമാർക്കും ടാക്സി ഡ്രൈവർമാർക്കും കൂടുതൽ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അതിനു പരിഹാരം കാണാൻ 23.ം തീയതി ഒരു പൊതുപണിമുടക്കിനു ആഹ്വാനം നൽകിയിട്ടുണ്ട്. അതുകൊണ്ട് ആ പണിമുടക്കിനുമുൻപായി അവരെ വിളിച്ച് ചർച്ച ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പൊതുപണിമുടക്കിനെ സംബന്ധിച്ച് ഗവൺമെൻറിന് അറിവു കിട്ടിയിട്ടില്ല. ബഹുജനങ്ങളിൽനിന്നും ധാരാളം പരാതി ആട്ടോറിക്ഷാഡ്രൈവർമാരെ സംബന്ധിച്ചും ടാക്സി ഡ്രൈവർമാരെ സംബന്ധിച്ചും ഉണ്ടാകുന്നുണ്ട്. അതു പരിഹരിക്കുവാൻവേണ്ടി കർശനമായ നടപടി സ്വീകരിക്കുമ്പോൾ അവർക്ക് പോലീസുകാരിൽനിന്നും ഇഷ്ടമില്ലാത്ത പ്രവർത്തനങ്ങൾ സഹിക്കേണ്ടിവരും.

(582.ം നമ്പർ ചോദ്യം ചോദിച്ചില്ല)

ചീഫ് കൺസ്ട്രക്ഷൻ എൻജിനീയർ തസ്തികയിലെ നിയമനം

* 548 [583] ശ്രീ. സി. വാസുദേവമേനോൻ:
,, എ. നീലലോഹിതദാസൻ നാടാർ
,, കെ. സി. വാസുദേവൻ:
,, ആർ. സുന്ദരേശൻനായർ:
,, ചടയൻ ഗോവിന്ദൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
,, കെ. അനിരുദ്ധൻ:
,, പി. ബി. ആർ. പിള്ള
,, പി. കെ. ശങ്കരൻകുട്ടി:
,, പി. തോമസ്സുക്കരൻ:
,, പി. ആർ. ശിവൻ:
,, പി. കെ. ഇട്ടൂപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെൻറിൻെറ കീഴിലുള്ള ഒസർവർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെൻറ് ആൻറ് മാനേജ്മെൻറിൽ

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് കൺസ്ട്രക്ഷൻ എഞ്ചിനീയറുടെ തസ്തികയിലേക്ക് ആകെ എത്രപേരെ ഇൻറർവ്യൂ ചെയ്തിരുന്നു;

(ബി) അവർ ആരെല്ലാം;

(സി) അവർ ഗവൺമെൻറിനേറയും വിവിധ ബോർഡുകളുടേയും കോർപ്പറേഷനുകളുടേയും കീഴിൽ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്തുവരുന്നു;

(ഡി) ഇപ്പോഴ അവരെ നിയമിക്കാതെ, നേരത്തെ തീരുമാനിച്ചിരുന്ന ഡയറക്ട് സെലക്ഷൻ രീതി മാറി, ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമനം നടത്താൻ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ) പത്തുപേരെ ഇൻറർവ്യൂ ചെയ്തിരുന്നു.

(ബി, സി) 1. ശ്രീ. എം.ജി. മേനോൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്.

2. ശ്രീ. പി.കെ. ജോൺ, (അപേക്ഷാ തീയതിയിൽ സർവ്വീസിൽ ഉണ്ടായിരുന്നില്ല. എഫ്.എ.സി.ടി.യിൽ കൺസ്ട്രക്ഷൻ സൂപ്രണ്ട് ആയിരുന്നപ്പോഴ ജോലിയിൽനിന്നും നീക്കം ചെയ്യപ്പെട്ട ആളാണ്.)

3. ജോസ് വി. ശങ്കരിക്കൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ സ്റേറററ് ഇലക്ട്രിസിറി ബോർഡ്.

4. ശ്രീ. പി. മഹാദേവൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ സ്റേറററ് ഇലക്ട്രിസിറി ബോർഡ്.

5. ശ്രീ. ജി. ഗംഗാധരൻ, (പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽനിന്ന് 31.5.1978-ൽ റിട്ടയർ ചെയ്തു).

6. ശ്രീ. എസ്. ശശിധരൻ, അസിസ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അഡീഷണൽ ബിൽഡിംഗ്സ് സബ്ഡിവിഷൻ, തിരുവനന്തപുരം.

7. ശ്രീ. എ. ബാലകൃഷ്ണൻ, അസിസ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ സ്റേറററ് ഇലക്ട്രിസിറി ബോർഡ്, തിരുവനന്തപുരം.

8. ശ്രീ. ടി.കെ. ഗംഗാധരൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, റിസർച്ച് ഓർഗനൈസേഷൻ, കേരളാ സ്റേറററ് ഇലക്ട്രിസിറി ബോർഡ്, ഇടുക്കി.

9. ശ്രീ. വി. സുരേന്ദ്രൻ പിള്ള, എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്രോജക്റ്റ്സ്), സ്റേറററ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

10. ശ്രീ. ടി.സി. തോമസ് (അപേക്ഷാതീയതിയിൽ സർവ്വീസിലുണ്ടായിരുന്നില്ല. എഫ്.എ.സി.റി.യിൽ ഡെപ്യൂട്ടി ചീഫ് സിവിൽ എഞ്ചിനീയർ തസ്തികയിൽ നിന്നും രാജിവച്ച ആളാണ്).

(ഡി) മേൽപറഞ്ഞവർ ആരുംതന്നെ സെൻറിൻെറ പ്രത്യേകാവശ്യമനുസരിച്ചുള്ള ചീഫ് കൺസ്ട്രക്ഷൻ എഞ്ചിനീയർ തസ്തിക

LIBRARY ARCHIVES Kerala Legislative Assembly

യിൽ നിയമിക്കപ്പെടുന്നതിന് യോഗ്യരല്ലെന്ന് സെലക്ഷൻ കമ്മിറ്റിക്ക് ബോധ്യം വന്നതുകൊണ്ട് അവരിൽ ആരെയും നിയമിച്ചിട്ടില്ല. ഇപ്പോൾ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് പ്രസ്തുത തസ്തികയിൽ നിയമനം നടത്തിയിട്ടുള്ളത്, അല്ലാതെ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ അല്ല.

ശ്രീ. ചടയൻ ഗോവിന്ദൻ: ഇൻറർവ്യൂ നടത്തപ്പെട്ട ആളുകളെ നിയമിക്കാതിരുന്നത് യോഗ്യതയില്ലാത്തതുകൊണ്ടാണെന്നു പറഞ്ഞു. യോഗ്യത പരിഗണിച്ചിട്ടല്ലേ ഇൻറർവ്യൂ നിശ്ചയിച്ചത്?

ശ്രീ. പി. കെ. വാസുദേവൻ നായർ: അടിസ്ഥാനയോഗ്യതയുള്ളവരെയാണ് ഇൻറർവ്യൂവിന് ക്ഷണിക്കുക. ഇൻറർവ്യൂ ബോർഡ് അങ്ങനെയുള്ളവരെ പരിശോധിക്കുമ്പോൾ അവർക്ക് സെൻറർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്പ്മെൻറ് ആൻറ് മാനേജുമെൻറിൽ ചീഫ് കൺസ്ട്രക്ഷൻ എഞ്ചിനീയർ ആകാൻ മാത്രം യോഗ്യതയുണ്ടെന്നേ ഇൻറർവ്യൂ ബോർഡിനു തോന്നിയില്ല. അതുകൊണ്ട് അവരെ ആരെയും തെരഞ്ഞെടുത്തില്ല.

ശ്രീ. ചടയൻ ഗോവിന്ദൻ: യഥാർത്ഥത്തിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ തങ്ങളുടെ ഇംഗിതത്തിനനുസരിച്ച് നിയമനം നടത്തണമെന്നുള്ളതുകൊണ്ടല്ലേ ഇവരെ ആരേയും നിയമിക്കാതിരുന്നത് എന്ന് ഞാൻ പറഞ്ഞാൽ അതു ശരിയായിരിക്കുകയില്ലേ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെയല്ല.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: കോൺട്രാക്ടടിസ്ഥാനത്തിലാണ് നിയമിച്ചതെന്നു പറഞ്ഞു. ഇപ്പോൾ നിയമിക്കപ്പെട്ട ആൾ പൂർണ്ണയോഗ്യതകളുള്ള ആളാണോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇപ്പോൾ നിയമിക്കപ്പെട്ട ആൾ പൂർണ്ണയോഗ്യതയുള്ള ആളാണ്. കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ ജോലിചെയ്യുകയായിരുന്നു. ശ്രീ. എസ്. നാരായണസ്വാമി അയ്യരെ മൂന്നുകൊല്ലത്തേക്ക് കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്.

ശ്രീ. പി. ബി. ആർ. പിള്ള: നേരത്തെ ഇൻറർവ്യൂ ചെയ്യപ്പെട്ട ആളുകളേക്കാൾ ഇപ്പോൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ആളിന് എന്തെങ്കിലും പ്രത്യേക യോഗ്യതകളുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇപ്പോൾ നിയമിക്കപ്പെട്ട ആളും ഒരു അപേക്ഷകനായിരുന്നു. ഇൻറർവ്യൂ നടന്ന ദിവസം അദ്ദേഹം ഇവിടെ ഇല്ലായിരുന്നു. അദ്ദേഹം ലിബിയായിൽ ആയിരുന്നു. അദ്ദേഹത്തിൻറെ കഴിവിന് അതീതമായ കാരണത്താൽ ഇൻറർവ്യൂ നടന്നസമയത്ത് ആ ഇൻറർവ്യൂവിൽ പങ്കെടുക്കാൻ കഴിയാതെവന്നു. പിന്നീട് അദ്ദേഹം ഇവിടെ വന്നപ്പോൾ ഇൻറർവ്യൂ ചെയ്യുകയും ബോർഡിനു തൃപ്തികരമാണെന്നു തോന്നുകയും നിയമിക്കുകയും ചെയ്തു.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ഇന്നയിന്ന യോഗ്യതകളുണ്ടായിരിക്കണമെന്ന അടിസ്ഥാനത്തിലല്ലേ അപേക്ഷ ക്ഷണിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ അപേക്ഷ ക്ഷണിക്കുന്ന അവസരത്തിൽ വന്ന ആളുകൾ ആ യോഗ്യത ഇല്ലാത്തവരായിരുന്നോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: മിനിമം ക്വാളിഫിക്കേഷനും മറ്റുകാര്യങ്ങളും അപേക്ഷകർക്കുണ്ടായിരിക്കണം. പക്ഷെ, അങ്ങനെ അപേക്ഷ അയയ്ക്കുന്നവർ ഇൻറർവ്യൂ നടത്തുമ്പോൾ കമ്മിറ്റിക്ക് തൃപ്തികരമല്ലാത്തവരായി തീരാറുണ്ട്.

ശ്രീ. എം. വി. രാഘവൻ: യോഗ്യതയുള്ളവർ ഇല്ലെന്നു കമ്മിറ്റി തീരുമാനിച്ചതിൻറെ അടിസ്ഥാനത്തിലാണ് കോൺട്രാക്ടസ് സിസ്റ്റത്തിൽ മറ്റൊരാളെ നിയമിച്ചതെന്നു പറഞ്ഞു. ഗവൺമെൻറ് ഇന്ന ആളെ നിയമിക്കണമെന്നു മുൻകൂട്ടി തീരുമാനിച്ചതിൻറെ അടിസ്ഥാനത്തിൽ അല്ലേ ഇൻറർവ്യൂവിൽ പങ്കെടുത്തവരെ നിയമിക്കാതെ ലിബിയായിൽ ആയിരുന്ന ആളെ വന്നപ്പോൾ ഇൻറർവ്യൂ നടത്തി നിയമിച്ചത്. അങ്ങനെ ഈ കാര്യത്തിൽ നാണംകെട്ട ഒരു അഴിമതി ചെയ്തു എന്നു പറഞ്ഞാൽ അതു ശരിയല്ലേ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഒരിക്കലും ശരിയല്ല.

ശ്രീ. എം. വി. രാഘവൻ: ശരിയാണ്.

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർ എത്ര ഉറപ്പിച്ചു പറഞ്ഞാലും ശരിയാകുകയില്ല. ഇത് ഒരു കമ്മിറ്റിയാണ് ചെയ്യുന്നത്.

1. Dr. C.M. Jacob,
   Executive Director of the CWRIM
   (Chairman)
2. Dr. P.K. Gopalakrishnan,
   Secretary to Government,
   Planning Department
   (Member)
3. Dr. S. Vasudev,
   Director of Technical Education
   (Member)

എന്നിങ്ങനെ മൂന്നുപേർ അടങ്ങിയ ഒരു കമ്മിറ്റി ഇൻറർവ്യൂ നടത്തിയ ശേഷമാണ് ഇയാളെ തെരഞ്ഞെടുത്തത്. സർ, ഈ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥൻ ആ സമയത്ത് ലിബിയയിലായിരുന്നു; കൺസ്ട്രക്ഷൻ കോർപ്പറേഷൻറെ ഒരു ജോലിക്കുവേണ്ടി. ഇൻറർവ്യൂ ദിവസം വരാൻ സാധിക്കുകയില്ലെന്ന് നേരത്തെ അറിയിക്കുകയും ചെയ്തിരുന്നു. പിന്നീട് ഇൻറർവ്യൂവിന് വരാമെന്നും പറഞ്ഞിരുന്നു. പിന്നീട് വന്നപ്പോൾ ഇൻറർവ്യൂ നടത്തി. അദ്ദേഹത്തിന് ആവശ്യമായ എല്ലാ കഴിവുകളും യോഗ്യതകളും ഉണ്ടെന്ന് കമ്മിറ്റിക്ക് ബോധ്യമുണ്ടായി. ഈ കാര്യത്തിൽ ഗവൺമെൻറ് ഇടപെടുന്ന പ്രശ്നമേയില്ല.

ശ്രീ. ടി. എച്ച്. മുസ്തഫ: ഒരു ജോലിക്ക് അപേക്ഷ ക്ഷണിക്കുകയും ആ അപേക്ഷകളിൻമേൽ പരിശോധന നടത്തി അടിസ്ഥാനപരമായ യോഗ്യതയുള്ള ആളുകളെ ഇൻറർവ്യൂവിന് വിളിക്കുകയും അവരെ

LIBRARY ARCHIVES Kerala Legislative Assembly

ആരെയും നിയമിക്കാതെ ആ സമയത്ത് ഇൻറർവ്യൂവിൽ പങ്കെടുക്കാതെ വിദേശത്തായിരുന്ന ഒരാളെ ഇവിടെ വന്ന സമയത്ത് ഇൻറർവ്യൂ നടത്തി നിയമിക്കുകയും ചെയ്തതിൻെറ പിന്നിൽ നഗ്നമായ അഴിമതിയുണ്ടെന്ന് ആരോപിച്ചാൽ അതു നിഷേധിക്കാൻ കഴിയുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: തീർച്ചയായും നിഷേധിക്കാൻ കഴിയും.

മന്ത്രിമാർ നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടുന്നില്ല എന്ന ആക്ഷേപം

* 549 [584] ശ്രീ. ഈപ്പൻ കണ്ടക്കുടി:

,, കെ.വി. കുര്യൻ:

,, വി.ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാതലത്തിൽ മന്ത്രിമാർ നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടുന്നില്ല എന്ന ആക്ഷേപം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ, ബി) ലഭ്യമായ വിവരമനുസരിച്ച് ഇത്തരം കേസ് സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടുതൽ വിവരം ശേഖരിച്ചു വരുന്നു.

ശ്രീ. ഈപ്പൻ കണ്ടക്കുടി: ഈ സഭാതലത്തിൽ മന്ത്രിമാർ നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടുന്നില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: തീർച്ചയായും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഈപ്പൻ കണ്ടക്കുടി: ഈ സഭാതലത്തിൽ അംഗങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രിമാർ ഉറപ്പു നൽകുകയും ആ ഉറപ്പുകളുടെ അടിസ്ഥാനത്തിൽ അന്വേഷണമോ മറ്റു കാര്യങ്ങളോ നടക്കുകയും ചെയ്യുകയാണെങ്കിൽ അതിൻെറ വിവരം ബന്ധപ്പെട്ട അംഗങ്ങളെ അറിയിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അങ്ങനെ ചെയ്യാവുന്നതാണ്.

ശ്രീ. വി.ജെ. ജോസഫ്: ഈ നിയമസഭാതലത്തിൽ നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടുന്നുണ്ടോയെന്നു അന്വേഷിക്കുന്നതിനും അതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ഈ സഭയുടെതന്നെ ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അതിൻെറ വിശദാംശങ്ങൾ ഇപ്പോൾ എൻെറ കൈവശമില്ല.

ശ്രീ. വി.ജെ. ജോസഫ്: 1972-ൽ സഭയുടെ മുമ്പിൽ 487 ഉറപ്പുകൾ നൽകിയതായിട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലുണ്ട്. അതിൽ 34 എണ്ണത്തിന് മറുപടിപോലും ഇതുവരെയായിട്ട് ഗവൺമെൻറിൻെറ

LIBRARY ARCHIVES Kerala Legislative Assembly